# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1388

03-10-2016 -ൽ മറുപടിക്ക്

### കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണപുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഒറ്റവരി ഗതാഗതത്തിന് സജ്ജമായോ; ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (എ) ദേശീയജലപാത-3 ൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ജലപാതയിലാകെ ഗതാഗത സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ദേശീയ ജലപാതയിൽ രണ്ടുവരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്.<br>ദേശീയ ജലപാതയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ *ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ* **(IWAI)** ആണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്താവുന്നതാണ്. |
| (ബി) ആദ്യഘട്ടത്തിൽ കൊച്ചിയിൽ നിന്നും ചവറയിലേക്ക് രാസവസ്തുക്കൾ ബാർജുകളിൽ എത്തിക്കുവാൻ ആലോചനയുണ്ടോ; ആയതിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ചവറയിലേക്ക് രാസവസ്തുക്കൾ ബാർജുകളിൽ എത്തിക്കുവാൻ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തിയ്ക്ക് **(setting up of unloading facilities for Hydrochloric acid & furnace oil at KMML, Chavara)** സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

(സി) പ്രസ്തുത ദേശീയ ജലപാത നിർമ്മാണ ത്തിന്റെ പൂർത്തീകരണത്തിന് അവശേഷി ക്കുന്ന പണികൾ ഏതെല്ലാമാണെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

(സി) 590 കി.മീ. നീളമുള്ള തിരുവനന്തപുരം - കാസർഗോഡ് ജലപാതയിൽ, കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ദൂരമാണ് ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുള്ളത്. **National Waterways Act 2016** പ്രകാരം കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ ദൂരം പാത കൂടി ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ ആലപ്പുഴ- ചങ്ങനാശ്ശേരി കനാൽ (28കി.മീ), ആലപ്പുഴ- കോട്ടയം-അതിരമ്പുഴ കനാൽ (38കി.മീ), കോട്ടയം- വൈക്കം (വെച്ചൂർ) കനാൽ (28കി.മീ) എന്നീ ഫീഡർ കനാലുകളും **National Waterways Act 2016** പ്രകാരം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുവാൻ തീരു മാനിച്ചിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ദേശീയ ജലപാത കൊല്ലം-കോട്ടപ്പുറം 168 കി.മീ ആകുന്നു. പ്രസ്തുത പാതയുടെ നിർമ്മാണം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ് നിർവ്വഹിക്കുന്നത്. ദേശീയ ജലപാത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കേണ്ട നടപടികൾ **IWAI** അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ